LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) ഉണ്ട്. എന്നാൽ 2014-15-ലെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ പദ്ധതി വിഹിതം അനുവദിക്കുന്നതിൽ വന്ന കാലതാമസം നിമിത്തം 6-5-2014 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 85/14/കാ.യു.വ സർക്കാർ ഉത്തരവ് പ്രകാരം 2014 മേയിൽ ദുബായിൽവച്ച് നടന്ന അന്തർദേശീയ ബധിര ക്രിക്കറ്റ് ടൂർണമെന്റിൽ പങ്കെടുക്കുന്നതിന് ശ്രീ. എസ്. പ്രദീപിന് ഒരു പ്രത്യേക കേസെന്ന നിലയിൽ പ്രഖ്യാപിച്ച 50,000 രൂപയുടെ സാമ്പത്തികസഹായവും 8-6-2014 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 109/14/കാ.യു.വ ഉത്തരവ് പ്രകാരം അന്തർദേശീയ പഞ്ചഗുസ്തി താരമായ ശ്രീ. എ. യു. ഷാജുവിന് നേട്ടങ്ങൾക്കുള്ള പ്രോത്സാഹനമായി നൽകുന്നതിന് ഉത്തരവായ 3,00,000 രൂപയുടെ സമ്മാനതുകയും വിതരണം ചെയ്തിട്ടില്ല.

ടോം ജോസഫിന് അർജുന അവാർഡ്

226 (7789) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളീയനും പ്രശസ്ത ഇന്ത്യൻ വോളിബോൾ താരവുമായ ശ്രീ. ടോം ജോസഫിന് അർജുന അവാർഡ് ലഭിക്കാതെവന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ശ്രീ. ടോം ജോസഫിന് അർജുന അവാർഡ് ഉൾപ്പെടെ അർഹതയുള്ള അംഗീകാരങ്ങൾ ലഭിക്കുന്നതിന് ശിപാർശ ചെയ്യുമോ ?

ഉത്തരം

(എ & ബി) ഉണ്ട്. അർജ്ജുന അവാർഡിനുള്ള ശ്രീ. ടോം ജോസഫിന്റെ അപേക്ഷ ശുപാർശ സഹിതം ഈ വർഷവും കേന്ദ്ര സർക്കാരിന് അയച്ചിട്ടുണ്ട്.

ജിംനാസ്റ്റിക് താരങ്ങൾക്ക് സ്പോർട്സ് കോട്ട പ്രവേശനം

227 (7790) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്പോർട്സ് കൗൺസിലിന്റെ നടപടിമൂലം ജിംനാസ്റ്റിക് താരങ്ങൾക്ക് പ്ലസ് വൺ, ഡിഗ്രി പ്രവേശനത്തിന് ഗ്രേസ് മാർക്കും സ്പോർട്സ് കോട്ട പ്രവേശനവും നിഷേധിക്കപ്പെട്ടതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ :

(ബി) 1985 മുതൽ പ്രവർത്തിച്ചുവരുന്നതായ സ്റ്റേറ്റ് ജിംനാസ്റ്റിക് അസോസിയേഷൻ സംസ്ഥാന ചാമ്പ്യൻഷിപ്പുകൾ നടത്തി അതിൽ വിജയിച്ച കുട്ടികൾക്ക് സ്പോർട്സ് കോട്ട ആനുകൂല്യം നൽകുന്ന ആവശ്യവുമായി സ്പോർട്സ് കൗൺസിലിനെ സമീപിച്ചിരുന്നുവോ ; സ്പോർട്സ് കൗൺസിൽ എടുത്ത നിലപാട് വെളിപ്പെടുത്തുമോ ;

(സി) അസോസിയേഷനുകളിൽ തർക്കങ്ങളുണ്ടാകുമ്പോൾ കായികതാരങ്ങളുടെ ഭാവിയെ അത് ബാധിക്കരുതെന്ന തീരുമാനം ഉണ്ടായിരുന്നുവോ ; എങ്കിൽ അത് മാനിക്കാതിരുന്നതെന്തുകൊണ്ടാണെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ ഇതുസംബന്ധിച്ച് കായികതാരങ്ങളിൽനിന്ന് രേഖാമൂലം പരാതികളോ നിവേദനങ്ങളോ ലഭിച്ചിട്ടില്ല.

(സി) 2008-ലെ കേരള സ്പോർട്സ് ചട്ടങ്ങൾ റൂൾ 60 പ്രകാരം സ്പോർട്സ് അസോസിയേഷനുകളിലെ അംഗത്വം റദ്ദാക്കുകയാണെങ്കിൽ ഈ നടപടി കായിക താരങ്ങളുടെ അവകാശങ്ങളെ ബാധിക്കരുത് എന്ന് പരാമർശിച്ചിട്ടുണ്ട്. എന്നാൽ ജിംനാസ്റ്റിക് കായികയിനവുമായി ബന്ധപ്പെട്ട് കേരളത്തിൽ പ്രവർത്തിക്കുന്ന രണ്ട് സംഘടനകൾ തമ്മിലുള്ള തർക്കങ്ങൾ മൂലമാണ് ജിംനാസ്റ്റിക്സ് കായിക താരങ്ങൾക്ക് ആനുകൂല്യങ്ങൾ നൽകുവാൻ കഴിയാത്ത സ്ഥിതി സംജാതമായിട്ടുള്ളത്. കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള സംഘടനകൾ സംഘടിപ്പിക്കുന്ന ചാമ്പ്യൻഷിപ്പുകൾ സംബന്ധിച്ചുള്ള അറിയിപ്പ് ടി അസോസിയേഷനുകൾ രേഖാമൂലം കൗൺസിലിൽ അറിയിക്കുകയും ആയതിലേക്ക് നിയമാനുസൃതം കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽനിന്നും നിരീക്ഷകനെ ചുമതലപ്പെടുത്തുകയും പ്രസ്തുത ചാമ്പ്യൻഷിപ്പുകളിൽ പങ്കെടുത്ത കായികതാരങ്ങൾക്ക് നൽകുന്ന സർട്ടിഫിക്കറ്റുകൾ ഗ്രേസ് മാർക്ക് സ്പോർട്സ് കോട്ട അഡ്മിഷൻ എന്നിവയിലേക്ക് പരിഗണിക്കുകയുള്ളൂ എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ കേരള ജിംനാസ്റ്റിക്സ് അസോസിയേഷൻ സംഘടിപ്പിച്ച ചാമ്പ്യൻഷിപ്പുകൾക്ക് സംഘടനയ്ക്ക് അംഗീകാരമില്ലാത്തതിന്റെ അടിസ്ഥാനത്തിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽനിന്നും നിരീക്ഷകനെ നിയോഗിച്ചിരുന്നില്ല. ആയതിനാൽ അംഗീകാരമില്ലാത്ത ഒരു കായിക സംഘടന നടത്തിയ ചാമ്പ്യഷിപ്പുകളുമായി ബന്ധപ്പെട്ട് നൽകിയിട്ടുള്ള സർട്ടിഫിക്കറ്റുകൾ നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം പരിഗണിക്കുവാൻ നിർവ്വാഹമില്ല.

മാവേലിക്കരയിൽ പുതിയ സ്റ്റേഡിയം നിർമ്മാണം

228 (7791) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കരയിൽ സ്റ്റേഡിയം ഇല്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സ്റ്റേഡിയത്തിനാവശ്യമായ സ്ഥലം ഏറ്റെടുത്ത് നല്കിയാൽ സ്റ്റേഡിയത്തിനുള്ള തുക അനുവദിക്കുമോ ;

(സി) മൾട്ടിപ്ലക്സ് സ്റ്റേഡിയം ആരംഭിക്കുന്നതിനുള്ള നിബന്ധനകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly